കർത്താവിൽ പ്രിയരെ,

ഇതാ ഒരു പുതിയ ഉദയം, ഇരുളിലും, മരണനിഴലിലും ഇരിക്കുന്നവർക്ക് ഇതാ ഒരു പ്രത്യാശയുടെ വെളിച്ചം (വി. ലൂക്കോ. 1:78) പകലിന്റെ അധ്വാനഭാരത്താൽ തളർന്നു ഉറങ്ങുന്നവർ കേൾക്കുന്ന വാർത്തയാണ് ക്രിസ്തു ജനനം. മരണഭീതി യിൽ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ദൈവത്തെ കാണാൻ കഴിയാതെ നിരാശയിൽ മടങ്ങുന്ന ഏവർക്കും മഹാ സന്തോഷം നൽകുന്ന വാർത്തയാണ് യേശുവിന്റെ ജനനം. അവൻ പ്രകാശമാണ്, സർവ്വ സൃഷ്ടികളേയും പ്രകാശിപ്പിക്കുന്ന സ്തപ്രകാശം, അവനിൽ ഇരുട്ട് ഒട്ടുംമില്ല. അവനെ അനുഗമിക്കുന്നവർ വെളിച്ചത്തിൽ വസിക്കണം.

ബേദ്ലഹേമിൽ പിറന്ന സമാധാന പ്രഭുവിനെ കാണുവാനും, ഉൾക്കൊള്ളാനും ഉള്ള യാത്രയുടെ തിടുക്കത്തിലാണ് നാം. സർവ്വ ജനത്തിനും, സർവ്വ ചരാചരങ്ങൾക്കുമുള്ള മഹാസന്തോഷത്തിന്റെ ദിനം. അവന്റെ സന്നിധാനത്തിൽ ജാതി, മത,വർഗ്ഗ, ലിംഗ, സമയ വ്യത്യാസമില്ലാതെ എത്തിച്ചേരാം. അവിടെ ശാന്തിയും, സമാധാനവും ഉണ്ട് 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം' എന്ന ശരണമന്ത്രം നാം കേൾക്കുന്നു. അവൻ 'അത്ഭുതമന്ത്രിയും, വീരനാം ദൈവവും, നിത്യപിതാവും, സമാധാന പ്രഭുവുമാണ്.

നമ്മുടെ യാത്രയിൽ വഴി തെറ്റരുത്. കണ്ണഞ്ചിപ്പിക്കുന്ന വിളക്കുകളുടെ മായാ വെളിച്ചത്തിൽ ദിവ്യ നക്ഷത്രം മറയപ്പെടരുത്. വഴി തെറ്റി ഹെരോദാക്കന്മാരുടെ കൊട്ടാരത്തിൽ പ്രവേശിച്ച് തിന്നുകയും കുടിക്കുകയും ആനന്ദിക്കുകയും ചെയ്യരുത്. അവിടെ മരണമുണ്ട് അവൻ കൊച്ചു കരുന്നുകളെപ്പോലും കൊന്നുകളയും, ഒരു കൊട്ടാരത്തിലും, ഒരു അരമനയിലും അവനെ ദർശിക്കാൻ കഴിയില്ല യേശു കാലിത്തൊഴിത്തിലാണ് കിടക്കുന്നത്. തുറസ്സായ സ്ഥലത്ത്, ലോകത്തിന്റെ സംരക്ഷണയിലല്ല, ദൂതന്മാരുടെ സംരക്ഷണയിൽ ദരിദ്രമായ ഇടങ്ങളിൽ നമുക്ക് അവനെ കാണാം.

പ്രിയരെ, യേശുവിനെ നമ്മുടെ ഹൃദയത്തിൽ ഉൾക്കൊള്ളാം. നമ്മുടെ ഹൃദയം പ്രകാശിക്കട്ടെ. ആ പ്രകാശം ചുറ്റുപാടും പരക്കട്ടെ. ക്രിസ്തു ദർശനത്തിന്റെ തീർത്ഥയാത്രയിൽ പങ്കുചേരാം. നൂറ് പുൽക്കൂടുകൾ നിർമ്മിച്ചാലും, നൂറ് നക്ഷത്രവിളക്കുകൾ തൂക്കിയാലും ക്രിസ്തു നമ്മിൽ ആയി നാം പ്രകാശിക്കുന്നില്ലെങ്കിൽ, ആഘോഷങ്ങളും, ആചാരങ്ങളും വ്യർത്ഥം.

വിനയത്തോടെ ക്രിസ്തുവിനെ ദർശിക്കാം. നമ്മെ കാഴ്ചയായി അർപ്പിക്കാം. സമാധാനത്തോടെ ഈ ലോകത്ത് ജീവിക്കാം...........

*ജനുവരി : 25 – ാം തീയതി വെള്ളിയാഴ്ച കൊയ്നോണിയ കർട്ടൺറൈസർ*
*ഫെബ്രുവരി 1 – ാം തീയതി വെള്ളിയാഴ്ച കൊയ്നോണിയ മെഗാപ്രാഗ്രാം*
*മാസവരി ഇതുവരെ നല്കാത്തവർ വരുന്നമാസങ്ങളിൽ നല്കി സഹകരിക്കേണമേ.*
*ഫാമിലി ബനിഫിറ്റ് സ്കീം പുതിയ കോൾ ചെയ്തിരിക്കുന്നു. ഇതുവരെ ചേരാത്തവർ 5 റിയാൽ വീതം അടച്ച് അംഗത്വം പുതുക്കണമേ.*

ഒരു വർഷം കഴിയുന്നു. പരിപാലിച്ച ദൈവത്തിനു സ്തോത്രം പാടി, കുറിയേലായിസ്സോൻ എന്നു ചൊല്ലി പുതുവൽസരപുലരിയെ നമുക്കു പുൽകാം. ഏവർക്കും ക്രിസ്തുമസ്സ് പുതുവത്സര ആശംസകൾ നേരുന്നു.

ഇടവകയ്ക്കുവേണ്ടി,
സ്റ്റാൻലി വി. സണ്ണി.
സെക്രട്ടറി.

## SCHEDULE OF PROGRAMMES DURING DECEMBER -2018

| | | | | | |
|---|---|---|---|---|---|
| 1 | 07/12/2018 | Friday | Holy Communion | 10:00 AM | St Thomas Church Ruwi |
| 2 | 14/12/2018 | Friday | Ecumenical Carol | 8:00 PM | St Thomas Church Ruwi |
| 3 | 15/12/2018 | Saturday | Sunday School Carol | 5:30 PM | St Thomas Church Ruwi |
| 4 | 21/12/2018 | Friday | Holy Communion | 9:45 AM | St Thomas Church Ruwi |
| 5 | 21/12/2018 | Friday | Parish Christmas Carol Service | 7:30 PM | St Thomas Church Ruwi |
| 6 | 24/12/2018 | Monday | Christmas Eve Service | 10:30 PM | St Thomas Church Ruwi |
| 7 | 27-12-2018 to 5-01-2019 | | Vacation Bible School | 3:00 PM | St Thomas Church Ruwi |
| 8 | 31/12/2018 | Monday | Watch Night Service - New Year | 10:45 PM | St Thomas Church Ruwi |

Note: Regular Worship Services at respective time on Friday at 9:45 am Saturday at 6:45 am & Sunday 8:00 pm

(For Members Only)

# MAR THOMA CHURCH IN OMAN

LIGHTED TO LIGHTEN

"Today in the town of David a Saviour has been born to you; He is Christ the Lord." Luke 2:11

# Newsletter

## December 2018

### Hearty Welcome to our Beloved Bishop



Rt Rev Dr. Abraham Mar Paulos Episcopa

P.O. Box 2183, Ruwi, P.C. 112
Tel: 24702437 / 24793950
GSM: 99437492 / 92945632
Email :mail@marthomachurchoman.org
Website: www.marthomachurchoman.org

ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

കർത്താവിൽ പ്രിയരെ,
തിരുപ്പിറവിയുടെ വർണ്ണപ്രഭയിലേക്ക് തിരുസഭ പ്രവേശിക്കുന്ന കാലമാണല്ലോ ആഗമനകാലം. പുതിയ സ്വപ്നങ്ങളും പുത്തൻ പ്രതീക്ഷകളുമായി പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുന്നു. ദിവ്യ ജനനത്തിന്റെ സുവാർത്ത ആദ്യമെ അറിയാൻ ഭാഗ്യം ലഭിച്ചത് ഇടയൻമാർക്കാണല്ലോ. ദേവദൂതിയുടെ ശാന്തി സന്ദേശം ഇന്നും കാതുകളിൽ ഉയരേണ്ട മന്ത്രധ്വനികൾ ആണ്.

"ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. (ലൂക്കോ: 2: 10)"
ഇന്നും വ്യത്യസ്തകാരണങ്ങളാൽ ഭയപ്പെടുന്നവർക്കുള്ള മഹാസന്തോഷമാണ് ക്രിസ്തു. ഈ ശാന്തിസന്ദേശം ക്രിസ്തുമസ്സ് രാവുകളിൽ നമ്മിലൂടെ പ്രതിധ്വനിക്കട്ടെ. വിണ്ണിൽ നിന്നും മണ്ണിനെ പുൽകിയ ദൈവപുത്രന്റെ തിരുജനനം പുത്തൻ ഭാവമായി, ഗീതമായി സാക്ഷ്യമായി നമ്മിലൂടെ ജഡം ധരിക്കട്ടെ. എല്ലാവർക്കും ഹൃദ്യമായ ഒരു ക്രിസ്തുമസ്സും പുതുവർഷവും നേരുന്നു.

മാർത്തോമ ചർച്ച് ഇൻ ഒമാൻ അതിന്റെ 44ാമത് ഇടവക ദിനത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്നു. ഇടവകയെ സംബന്ധിച്ചുടുത്തോളം പിന്നിട്ട നാളുകൾ വളരെ പ്രധാനപ്പെട്ട ദിനങ്ങൾ ആയിരുന്നു. 2018–ാം മാണ്ഏതാനും ദിനങ്ങൾ കൂടികഴിഞ്ഞാൽ ചരിത്രയവനികയിലേക്ക് മറയപ്പെടും. ഈ വർഷത്തെ പിന്നിട്ട പ്രോഗ്രാമുകൾ എല്ലാം തന്നെ ഇടവക ജനങ്ങളുടെ പങ്കാളിത്തംകൊണ്ട് വളരെ വിജയകരമായിരുന്നു. Episcopal Visit ഉം, കുഞ്ഞുങ്ങളുടെ ആദ്യകുർബാനയും, ഇടവക കൺവൻഷനും, Family Conference ഉം, ഇടവക Picinic നും എല്ലാവരുടെയും സജീവ പങ്കാളിത്തം ലഭിച്ചു. ഭദ്രാസന Collection ഈ വർഷം Target നേടാൻ സാധിച്ചത് പ്രതിസന്ധികളിലും സുവിശേഷവേലയോടുള്ള നമ്മുടെ ആഴമായ പ്രതിപത്തിയാണ്. എല്ലാവരെയും മുക്തകണ്ഠം പ്രശംസിക്കുന്നു. ദൈവം എല്ലാവരെയും അവിടുത്തെ ധനത്തിനൊത്തവണ്ണം അനുഗ്രഹിക്കട്ടെ.

ഇടവകയെ സംബന്ധിച്ചുടത്തോളം അടുത്ത മൂന്നുമാസം സാമ്പത്തിക വർഷത്തിന്റെ അവസാന Quarter ആണ്. ക്രിസ്തുമസ്സ് കരോൾ സംഘവിസിറ്റിലും, ക്രിസ്തുമസ്സ് ഗാനസന്ധ്യയിലും ഇടവക വാർഷിക Get-together - Koinonia, മാർച്ച് ആദ്യം നടക്കുന്ന ഇടവകദിന പ്രോഗ്രാമിലും എല്ലാവരുടെയും പങ്കാളിത്തവും, സഹകരണവും ഉണ്ടാകണം. ഇടവകയുടെ വാർഷികകൂടിവരവാണല്ലോ Koinonia. ഫെബ്രുവരി മാസം സമുചിതമായി നടത്തപ്പെടുവാനുള്ള എല്ലാ ക്രമീകരണങ്ങളും ഒരുങ്ങികഴിഞ്ഞു. പ്രാർത്ഥനയോടു കൂടിയ സഹകരണവും, പങ്കാളിത്തവും ഈ വർഷവും എല്ലാവരും നൽകണം. ഇടവകയുടെ പോഷക സംഘടനകൾ ഏറ്റെടുത്ത് ചെയ്യുന്ന എല്ലാ Project ഉം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ എല്ലാവരും ഉത്സാഹിക്കണം. അടുത്ത മാസങ്ങളിലെ അഭിവന്ദ്യ. ഡോ. എബ്രഹാം മാർ പൗലോസ് തിരുമേനിയുടെയും, അഭിവന്ദ്യ. ഡോ. ഐസക് മാർ ഫിലിക്സിനോസ് തിരുമേനിയുടെയും സന്ദർശനം എല്ലാവർക്കും അനുഗ്രഹകരമാകട്ടെ. ഭദ്രാസന കൺവൻഷൻ Vashi യിലും, സഭയുടെ ഏറ്റവും വലിയ കൂടിവരവ് മാരാമൺ കൺവൻഷൻ ഫെബ്രുവരിയിലും നടത്തപ്പെടുവാനുള്ള ഒരുക്കങ്ങൾ നടക്കുകയാണല്ലോ. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നാട്ടിൽ പോകുന്നവർ ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണമെ. വി.ബി.എസ്. ഈ വർഷം ഡിസംബർ 26 മുതൽ ഇടവകയിൽ ക്രമീകരിക്കുന്നു. എല്ലാ കുഞ്ഞുങ്ങളെയും പങ്കെടുപ്പിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. ബാലൻ നടക്കേണ്ടുന്ന പാതയിൽ അവനെ അഭ്യസിപ്പിക്കുന്ന വലിയ ശുശ്രൂഷയാണ്, സണ്ടേസ്കൂൾ നേതൃത്വം നൽകുന്ന വി.ബി.എസ്. ഇടവകയുടെ എല്ലാ പ്രോഗ്രാമിലും എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർത്ഥനയും തുടർന്നും ഉണ്ടാകണമെ.

"ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ല. (ലൂക്കോ: 1:37)"

ഗബ്രിയേൽ ദൂതന്റെ മറിയയോടുള്ള മറുപടി നമ്മോടും എല്ലാവരോടുമാണ്. ഏത് സങ്കീർണ് പ്രസ്നങ്ങളുടെ മുമ്പിലും ഇത് ഹൃദയമന്ത്രമായി നമുക്ക് സ്വീകരിക്കാം. സർവ്വശക്തന്റെ എല്ലാ നൽവരങ്ങളും നൽകി നമ്മെ അനുഗ്രഹിക്കട്ടെ.

കത്തൃശുശ്രൂഷയിൽ
മാത്യു അച്ചൻ (വികാരി)

ത്രിയേക ദൈവത്തിന് സ്തുതി

ക്രിസ്തുമസ്സും, പുതുവത്സരവും ജീവിതത്തിന് പ്രത്യാശയും, പ്രകാശവും പകരപ്പെടുന്ന നിമിഷങ്ങളാണ്. ക്രിസ്തുമസ്സ് ദർശനപരമായ ചില കാഴ്ചപ്പാടുകൾകൂടി പകർന്ന്തരുന്നുണ്ട്. വചനം ജഡമായ സന്ദർഭമാണല്ലോ ക്രിസ്തു. വചനം ജഡമാകുക വഴി നമ്മിലേക്ക് പകരപ്പെടുന്ന കൃപാദാനത്തെ സൂചിപ്പിക്കട്ടെ. അവൻ തന്റെ വചനം അയച്ച് അവരെ സൗഖ്യപ്പെടുത്തിയെന്ന് സങ്കീ. 107: 20 ൽ സൂചിപ്പിക്കുന്നു. വാസ്തവത്തിൽ പഴയനിയമത്തിൽ തുടങ്ങിവെച്ച വചനത്തിന്റെ നിവൃത്തിയാണ് ക്രിസ്തുസംഭവം. വചനം എന്നത് കേവല അർത്ഥത്തിൽ എടുക്കേണ്ടുന്ന ഒന്നല്ല, മറിച്ച് ദൈവസത്തയുടെ സന്നിവേശമായി ലോകത്തിലേക്ക് നല്കിയിരുന്ന അനുഭവം ആണ്. അതിന്റെ പൂർണ്ണ വെളിപ്പാടാണ് ക്രിസ്തുവിൽ ദർശിക്കുന്നത്. മറ്റൊരു വാക്കിൽ സൂചിപ്പിച്ചാൽ വചനത്തിന്റെ ആളത്വം (Personification) ആണ് ക്രിസ്തുമസ് സംഭവം.

ജീവിതയാത്രയിൽ ക്രിസ്തു പകർന്നു നല്കിയത് മുഴുവൻ ഈ സൗഖ്യദായക അനുഭവം ആയിരുന്നു. രക്തം വാർന്നൊഴുകിയിരുന്നവൾക്ക് പകരപ്പെട്ട ജീവനും, വിധവയുടെ പൈതലിനെ മരണത്തിൽ നിന്ന് മടക്കി വരുത്തിയതും, ബർത്തിമായിക്ക് പ്രകാശം നല്കിയതും എല്ലാം ഈ സൗഖ്യത്തിന്റെ ശാരീരിക അവസ്ഥയായിരുന്നെങ്കിൽ, ശമര്യാസ്ത്രീയ്ക്ക് നല്കിയ ദിശാബോധവും, തെറ്റിൽ പിടിക്കപ്പെട്ടവർക്ക് നല്കിയ നൈർമ്മല്യവും സമൂഹത്തിനാവശ്യമായ സൗഖ്യത്തിന്റെ മാനങ്ങൾ ആയിരുന്നു.

യോഹന്നാൻ സ്നാപകന്റെ ജീവിതചര്യയ്ക്ക് വിരുദ്ധമായി, ക്രിസ്തു തിന്നും, കുടിച്ചും ജീവിച്ചു എന്ന് വചനം രേഖപ്പെടുത്തുന്നുണ്ടെങ്കിൽ അതും ഒരു സൗഖ്യദായക ഇടപെടലായിരുന്നു. യെഹൂദാ സമൂഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് നേരെയുള്ള പ്രവർത്തനം കാഴ്ചപ്പാടിലെ സൗഖ്യം. ചുരുക്കത്തിൽ അവൻ കലഹം സൃഷ്ടിച്ചു എന്ന് തോന്നവിധം യഹൂദർ വിചാരിക്കാൻ കാരണവും അവൻ അവരുടെ മുറിവുകളിൽ സ്പർശിച്ചു എന്നത് തന്നെ.

ക്രിസ്തുമസ്സ് സംഭവം ഇന്നും പ്രസക്തമാകാൻ കാരണം, സുഖമാകാൻ ഇപ്പോഴും ആളുകൾ കാത്തിരിക്കുന്നുണ്ടെന്നുള്ളതാണ്. 2000 വർഷങ്ങൾക്കപ്പുറം ജീവിച്ചക്രിസ്തു ഇന്നും ജീവിക്കുന്നു വെളി: 5:6 സ്വർഗ്ഗത്തിൽ ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നത് യോഹന്നാൻ തന്റെ വെളിപാടിൽ കാണുന്നു. അറുക്കപ്പെട്ടതുപോലെ നില്ക്കുന്നത് എന്ന സൂചന still its wounded (ഇപ്പോഴും മുറിക്കപ്പെട്ടിരിക്കുന്നു) എന്നതാണ്. ക്രിസ്തുമസ്സിൽ തുടങ്ങിവെച്ച സൗഖ്യം ഇപ്പോഴും തുടരുന്നു. ക്രിസ്തുമസ്സ് ഓർമ്മപ്പെടുത്തുന്നത് എന്റെ മുറിപ്പാടുകൾക്ക് സൗഖ്യം ഉണ്ടെന്നതാണ്.

ത്രിയേക ദൈവത്തിന്റെ കൃപയിലും കരുണയിലും ശരണപ്പെട്ടുകൊണ്ട് ഏവർക്കും ക്രിസ്തുമസ്സ് പുതുവത്സര ആശംസകൾ നേരുന്നു.

സസ്നേഹം
ജോൺസൺ വർഗ്ഗീസ് കശ്ശീശാ.